ഹയർ സെക്കണ്ടറി റീജിയണൽ ഓഫീസുകളും സ്റ്റാഫ് പാറ്റേണും

126 [725] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി തലത്തിൽ എത്ര റീജിയണൽ ഓഫീസുകൾ തുടങ്ങിയിട്ടുണ്ട് ; അവ എവിടെയെല്ലാം ; ഇനി എത്രയെണ്ണം പുതുതായി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു; വിശദവിവരം നൽകുമോ ;

(ബി) ഓരോ റീജിയണൽ ഓഫീസിന്റെയും സ്റ്റാഫ് പാറ്റേണിന്റെ വിവരം വിശദമാക്കുമോ ;

(സി) ഓരോ റീജിയണൽ ഓഫീസിലും ഇപ്പോൾ എത്ര പേരെ വീതം നിയമിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി തലത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്നുമേഖലാ ഓഫീസുകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ഇവയുടെ പ്രവർത്തനം തുടങ്ങാനിരിക്കുന്നതേയുള്ളൂ.

(ബി) ഓരോ റീജിയണൽ ഓഫീസിലും ഒരു ഡെപ്യൂട്ടി ഡയറക്ടർ, ഒരു അക്കൗണ്ട്സ് ഓഫീസർ, രണ്ട് ജൂനിയർ സൂപ്രണ്ടുമാർ, പത്ത് എൽ. ഡി. ക്ളാർക്കുമാർ, 3 ടൈപ്പിസ്റ്റുകൾ, 3 പ്യൂൺ എന്നീ തസ്തികകളാണ് അനുവദിച്ചിരിക്കുന്നത്.

(സി) റീജിയണൽ ഓഫീസുകളിലേയ്ക്ക് ഇതുവരെ നിയമനങ്ങളൊന്നും നടത്തിയിട്ടില്ല.

പുതിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കാൻ നടപടി

127 [726] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ പുതിയ വൊക്കേഷണൽ സ്കൂളുകൾ ആരംഭിക്കുന്നതിന് കേന്ദ്രസർക്കാരിൽനിന്നും ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ
പി. എസ്. സി. മുഖേന അദ്ധ്യാപകരുടെ നിയമനം

128 [727] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) എല്ലാ വി. എച്ച്. എസ്. എസ്. കളിലുമായി ഓരോ വിഷയത്തിനും എത്ര തസ്തികകൾ ഉണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ;

(സി) ഇതിൽ എത്ര വേക്കൻസികൾ പ്രൊമോഷനിൽ നിയമിച്ചിട്ടുണ്ടെന്നും ബാക്കി എത്ര ഒഴിവുകൾ ഉണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) ഈ ഒഴിവുകൾ പി. എസ്. സി. വഴി നികത്താൻ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഇ) അടുത്ത അദ്ധ്യയന വർഷാരംഭത്തിലെങ്കിലും പി. എസ്. സി. വഴി നിയമനം നടത്താൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 247 ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ട്.

(ബി) സംസ്ഥാനത്തെ മൊത്തം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഓരോ വിഷയത്തിലും എത്ര തസ്തികകൾ ഉണ്ടെന്ന് ഇനം തിരിച്ചുള്ള വിവരം അനുബന്ധമായി † അന്യത്ര ചേർക്കുന്നു.

(സി) പ്രൊമോഷൻ മുഖേന നിയമനം നടത്തിയിട്ടില്ല.

(ഡി) യും (ഇ)യും പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തേണ്ട എല്ലാ ഒഴിവുകളും പി. എസ്. സി. ക്ക് ഇതിനകം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പി. എസ്. സി. വിജ്ഞാപനപ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. പി. എസ്. സി. ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly